REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 16-12-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **1971-ലെ ഇന്ത്യാ- പാക് യുദ്ധത്തിൽ ഇന്ത്യയെ വിജയിപ്പിച്ച ധീരസൈനികർക്ക് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെ പ്രമുഖർ വിജയ് ദിവസിൽ സ്മരണാഞ്ജലി അർപ്പിച്ചു.**
- **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിനു പകരം കൊണ്ടുവരുന്ന വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ ബിൽ കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും.**
- **ത്രിരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ, പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് എത്യോപ്യൻ തലസ്ഥാനമായ ആഡിസ് അബാബയിൽ എത്തും.**
- **തദ്ദേശ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിയ്ക്ക് പ്രതീക്ഷിച്ച വിജയം നേടാനായില്ലെന്ന് LDF കൺവീനർ TP രാമകൃഷ്ണൻ.**
- **കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ പ്രദർശനത്തിന് അനുമതി നിഷേധിച്ച 19 ൽ നാല് ചിത്രങ്ങൾക്ക് പ്രദർശനാനുമതി നൽകി.**

## വാർത്തകൾ വിശദമായി

രാജ്യം ഇന്ന് വിജയ് ദിവസം ആഘോഷിക്കുന്നു. 1971 ലെ ഇൻഡോ-പാക് യുദ്ധത്തിലെ ഇന്ത്യയുടെ വിജയം അനുസ്മരിക്കുന്നതാണ് ഡിസംബർ 16-ലെ വിജയ് ദിവസ് ആഘോഷങ്ങൾ. ബംഗ്ലാദേശിന്റെ വിമോചനത്തിന് വഴിയൊരുക്കിയത് ഈ യുദ്ധത്തിലെ വിജയമാണ്. രാജ്യത്തിന്റെ വിജയത്തിന്

ജീവൻ സമർപ്പിച്ച ധീര യോദ്ധാക്കളെ ആദരിക്കാനും വീരഗാഥകൾ അനുസ്മരിക്കാനും ദേശീയാഭിമാനം ഉയർത്തിപ്പിടിക്കാനും രാജ്യവ്യാപകമായി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

1971-ൽ ഇന്ത്യയ്ക്ക് ചരിത്ര വിജയം നേടിക്കൊടുത്ത ധീരസൈനികർക്ക് രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത് ഷാ, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് എന്നിവർ സ്മരണാഞ്ജലി അർപ്പിച്ചു.

സൈനികരുടെ പോരാട്ടവീര്യവും, ദേശസ്നേഹവും ജനങ്ങളെ പ്രചോദിപ്പിക്കുന്നത് തുടരുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. ഓപ്പറേഷൻ സിന്ദൂരിൽ, സൈന്യത്തിന്റെ സ്വാശ്രയത്വം, തന്ത്രപരമായ ദൃഢനിശ്ചയം, ആധുനിക യുദ്ധസാങ്കേതിക വിദ്യകളുടെ ഫലപ്രദമായ ഉപയോഗം എന്നിവ പ്രകടിപ്പിച്ചിട്ടുണ്ടെന്നും അത് മുഴുവൻ രാജ്യത്തിനും പ്രചോദനമാണെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

സ്വാതന്ത്ര്യത്തോടും, നീതിയോടും ഇന്ത്യ പുലർത്തുന്ന പ്രതിബദ്ധത സിന്ദൂർ ദൗത്യം  വീണ്ടും ഉറപ്പിച്ചുവെന്നും, ഇന്ത്യൻ കരസേന, നാവികസേന, വ്യോമസേന എന്നിവയുടെ അതുല്യമായ പ്രൊഫഷണലിസം പ്രകടമാക്കിയെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

സൈനികരുടെ ദൃഢനിശ്ചയവും നിസ്വാർത്ഥ സേവനവും രാജ്യത്തെ സംരക്ഷിച്ചുവെന്നും ചരിത്രത്തിൽ അഭിമാന നിമിഷമായി രേഖപ്പെടുത്തിയെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

ഓപ്പറേഷൻ സിന്ദൂർ വിജയം, ഇന്ത്യൻ സായുധ സേനയുടെ സമാനതകളില്ലാത്ത സൈനിക ശേഷിക്കും വീര്യത്തിനും അംഗീകാരം നേടിക്കൊടുത്തുവെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ അഭിപ്രായപ്പെട്ടു.

കരസേനയും നാവികസേനയും വ്യോമസേനയും കുറ്റമറ്റ ഏകോപനത്തോടെ പ്രവർത്തിച്ചുവെന്നും ചരിത്രത്തെ പുനർനിർമ്മിച്ചുവെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു.

വിജയ് ദിവസത്തിൽ, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിലെ ദേശീയ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു.  സേനാവിഭാഗങ്ങളുടെ

തലവന്മാരായ അനിൽ ചൗഹാൻ, ഉപേന്ദ്ര ദ്വിവേദി, A.P സിംഗ്, ദിനേശ് K ത്രിപാഠി എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

വിജയ് ദിവസത്തിൽ ധീര സൈനികർക്ക് രാജ്യസഭ സ്മരണാഞ്ജലി അർപ്പിച്ചു. രാവിലെ സഭ സമ്മേളിച്ചപ്പോൾ, രാജ്യത്തെ ചരിത്ര വിജയത്തിലേക്ക് നയിച്ച ഇന്ത്യയുടെ ധീരരായ സായുധ സേനകളുടെ ധീരതയെയും ദൃഢനിശ്ചയത്തെയും രാജ്യസഭാ ചെയർമാൻ C.P രാധാകൃഷ്ണൻ അഭിവാദ്യം ചെയ്തു. ബംഗ്ലാദേശ് എന്ന സ്വതന്ത്ര രാഷ്ട്രത്തിന്റെ പിറവിയോടെയാണ് യുദ്ധം അവസാനിച്ചതെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

✪✪✪

2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിനു പകരം കൊണ്ടുവരുന്ന വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) ബിൽ കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. 2047 ലെ വികസിത ഭാരത ലക്ഷ്യത്തിന് നിയമപരമായ നവീന ചട്ടക്കൂട് സൃഷ്ടിക്കുന്നതിനാണ് നിയമനിർമ്മാണം കൊണ്ടുവരുന്നത്.

ഓരോ ഗ്രാമീണ കുടുംബത്തിനും സാമ്പത്തിക വർഷത്തിൽ 125 ദിവസം വേതനത്തോടുകൂടിയ തൊഴിൽ, നിയമപരമായി ഉറപ്പ് നൽകുന്നതാണ് ബിൽ. പ്രത്യേക വൈദഗ്ധ്യം ആവശ്യമില്ലാത്ത തൊഴിലുകളായിരിക്കും പദ്ധതിയിൽ നൽകുന്നത്. പഴയ മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരണ്ടി ആക്ട് ഇപ്പോഴത്തെ ഗ്രാമീണ സമ്പദ് വ്യവസ്ഥയ്ക്ക് പര്യാപ്തമല്ലെന്ന വിലയിരുത്തലിലാണ് പുതിയ ബിൽ കൊണ്ടുവരുന്നത്. തൊഴിലും, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനവും സൃഷ്ടിക്കുകയാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നത്.

വിവിധ ഇൻഷുറൻസ് നിയമങ്ങളുടെ ഭേദഗതി വിഭാവനം ചെയ്യുന്ന സബ്കാ ഭീമാ സബ്കി രക്ഷാ ബില്ലും ധനമന്ത്രി നിർമ്മലാ സീതാരാമൻ ലോക്സഭയിൽ ഇന്ന് അവതരിപ്പിക്കും. രാജ്യസഭയിൽ തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ച് ചർച്ച ഇന്നും തുടരും.

✪✪✪

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ, പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് എത്യോപ്യൻ തലസ്ഥാനമായ ആഡിസ് അബാബയിൽ എത്തും. രണ്ട് ദിവസത്തെ സന്ദർശനത്തിനിടെ നോബേൽ സമ്മാന ജേതാവായ എത്യോപ്യൻ പ്രധാനമന്ത്രി അബി അഹമ്മദ് അലിയുമായി അദ്ദേഹം ഉഭയകക്ഷി ചർച്ചയും

നടത്തും. എത്യോപ്യൻ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെയും പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും. ജോർദ്ദാൻ - ഇന്ത്യ ബിസിനസ് ഫോറത്തിൽ പങ്കെടുത്ത ശേഷമായിരിക്കും പ്രധാനമന്ത്രി എത്യോപ്യയിൽ എത്തുന്നത്.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിൽ ദേശീയ അന്വേഷണ ഏജൻസി ജമ്മുവിലെ പ്രത്യേക NIA കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. പാകിസ്ഥാൻ ഭീകര സംഘടന ലഷ്കർ-ഇ-തൊയ്ബ, അനുബന്ധ സംഘടന ദി റെസിസ്റ്റൻസ് ഫ്രണ്ട് എന്നിവയിൽ ഉൾപ്പെട്ട ഏഴ് പേരെ പ്രതി ചേർത്താണ് കുറ്റപത്രം സമർപ്പിച്ചതെന്ന് അന്വേഷണ ഏജൻസി അറിയിച്ചു. ഏപ്രിൽ 22-ലെ ഭീകരാക്രമണത്തിൽ 25 വിനോദസഞ്ചാരികൾക്കും, ഒരു തദ്ദേശീയനുമാണ് ജീവൻ നഷ്ടമായത്.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിൽ പ്രതീക്ഷിച്ച വിജയം ഇടതുമുന്നണിയ്ക്ക് നേടാനായില്ലെന്ന് LDF കൺവീനർ TP രാമകൃഷ്ണൻ തിരുവനന്തപുരത്ത് പറഞ്ഞു. ജനവിധി പരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾക്ക് തയ്യാറാകണമെന്ന് രാവിലെ ചേർന്ന LDF യോഗത്തിൽ നിർദ്ദേശമുയർന്നതായി അദ്ദേഹം പറഞ്ഞു.

തദ്ദേശ തിരഞ്ഞെടുപ്പ് വിലയിരുത്താൻ തിരുവനന്തപുരത്ത് ചേർന്ന LDF യോഗത്തിലെ തീരുമാനങ്ങൾ അറിയിക്കുകയായിരുന്നു TP രാമകൃഷ്ണൻ.

✪✪✪

തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുത്ത അംഗങ്ങൾ ഡിസംബർ 21-ന് സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേൽക്കുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ A ഷാജഹാൻ അറിയിച്ചു.

ജില്ലാ പഞ്ചായത്തുകളിലും കോർപറേഷനുകളിലും ജില്ലാ കളക്ടർമാരുടേയും, ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വരണാധികാരികളുടേയും മുമ്പിൽ അതാതു തദ്ദേശ സ്ഥാപനങ്ങളിലെ മുതിർന്ന അംഗം ആദ്യം സത്യപ്രതിജ്ഞ ചെയ്യും. തുടർന്ന് ആ അംഗത്തിന്റെ മുമ്പിലായിരിക്കും മറ്റ് അംഗങ്ങളുടെ സത്യപ്രതിജ്ഞ.

✪✪✪

കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ UDF ഭരണത്തിന്റെ ആദ്യ രണ്ടര വർഷം പ്രസിഡന്റ് സ്ഥാനം കോൺഗ്രസിന് ലഭിച്ചേക്കും. വൈസ് പ്രസിഡന്റ് സ്ഥാനം

മുസ്ലീം ലീഗിനായിരിക്കും. പ്രസിഡണ്ട് സ്ഥാനം വനിതാ സംവരണം ആയതിനാൽ മുൻ ജില്ലാ പഞ്ചായത്തംഗം കൂടിയായ മിലി മോഹന്റെ പേരാണ് പ്രസിഡണ്ട് സ്ഥാനത്തേക്ക് പരിഗണിക്കുന്നത്. തീരുമാനം നാളെ ഉണ്ടാകും.

✪✪✪

കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ പ്രദർശനത്തിന് അനുമതി നിഷേധിച്ച 19 സിനിമകളിൽ 4 എണ്ണത്തിന് പ്രദർശനാനുമതി നൽകി. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയമാണ് അനുമതി നൽകിയത്.

✪✪✪

IFFK യിൽ 19 സിനിമകൾക്ക് വിലക്ക് ഏർപ്പെടുത്തിയത് ബോധപൂർവ്വമായ ഇടപെടലാണെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. മേളയ്ക്ക് തുരങ്കം വെക്കുന്ന നീക്കമാണിതെന്നും, എല്ലാ സിനിമകളും കാണാൻ ജനങ്ങൾക്ക് മൗലികാവകാശമുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

കേന്ദ്രത്തിന്റെ പുതിയ ലേബർ കോഡുകൾക്ക് ബദൽനയം രൂപീകരിക്കാൻ വെള്ളിയാഴ്ച തിരുവനന്തപുരത്ത് ലേബർ കോൺക്ലേവ് സംഘടിപ്പിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്തെ 14 ജില്ലകളിലും അത്യാധുനിക മാതൃകാ ഓട്ടിസം സമുച്ചയങ്ങൾ സ്ഥാപിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. ഓരോ സമുച്ചയത്തിനും രണ്ടേ മുക്കാൽ കോടി രൂപ വീതം മാറ്റിവെച്ചിട്ടുണ്ടെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. അഞ്ച് മുതൽ ഒൻപത് വരെ ക്ലാസുകളിൽ ഈ വർഷം സബ്ജക്ട് മിനിമം നടപ്പാക്കും. 2027 മുതൽ SSLC പരീക്ഷയ്ക്കും സബ്ജക്ട് മിനിമം ഏർപ്പെടുത്തും.

✪✪✪

പാലക്കാട് തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലെ ചാഴിയാട്ടിരിയിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ രോഗ വ്യാപനം തടയുന്നതിനായി നാല് പഞ്ചായത്തുകളിൽ നിയന്ത്രണം ഏർപ്പെടുത്തി.

പാലക്കാട്ടു നിന്ന് ഫൈസൽ അലിമുത്ത്.

.......(വോയ്സ്)..............

✪✪✪

വയനാട് പനമരം പച്ചിലക്കാട് പടിക്കംവയലിൽ ജനവാസമേഖലയിലിറങ്ങിയ കടുവയെ പിടികൂടാൻ വനം വകുപ്പ് ഊർജ്ജിത തെരച്ചിൽ തുടരുന്നു. പ്രദേശത്തെ കാപ്പിത്തോട്ടം കേന്ദ്രീകരിച്ചാണ് RRT സംഘം തെർമൽ ഡ്രോൺ പരിശോധന. കടുവയെ കണ്ടെത്തിയാൽ മയക്കുവെടി വെച്ച് പിടികൂടാനാണ് തീരുമാനം.

✪✪✪

നടിയെ ആക്രമിച്ച കേസിൽ വിധി പുറപ്പെടുവിച്ച എറണാകുളം ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജിക്കെതിരെ അപവാദപരമായ പ്രതികരണങ്ങൾ ഉന്നയിക്കുന്നവർക്കെതിരെ നടപടി വേണമെന്ന് കേരള ജുഡീഷ്യൽ ഓഫീസേഴ്സ് അസോസിയേഷൻ ഹൈക്കോടതിയോട് ആവശ്യപ്പെട്ടു. സിറ്റിംഗ് ജഡ്ജിക്കെതിരെ ഇത്തരത്തിൽ പരസ്യമായ ദുരാരോപണങ്ങൾ ആദ്യമായാണെന്ന് അസോസിയേഷൻ വിലയിരുത്തി. ഇവർക്കെതിരെ കോടതിയലക്ഷ്യമുൾപ്പെടെ നടപടികൾ സ്വീകരിക്കണമെന്ന് സംഘടന ആവശ്യപ്പെട്ടു.

✪✪✪

കണ്ണൂർ പാനൂർ കുറ്റേരിയിൽ നാടൻ ബോംബ് പിടികൂടി. ശ്രീനാരായണമഠത്തിന് സമീപത്തെ ആളൊഴിഞ്ഞ പറമ്പിൽ നിന്നാണ് രണ്ട് നാടൻ ബോംബുകൾ കണ്ടെത്തിയത്.

✪✪✪

---

*News Editor : ശ്രുതി എം*
*News Reader: ശരണ്യ രാജൻ*
*NRTs: അനിൽ ചന്ദ്രൻ*
*DEO : ഷീബ*